സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

## സംഗ്രഹം

ക്ലാസ് - IV ജീവനക്കാരുടെ കാഷ്വൽ ലീവ്, സ്പെഷ്യൽ കാഷ്വൽ ലീവ് - പകരംവ്യവസ്ഥ ചെലവെഴുതി നൽകുന്നത് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നമ്പർ: **ROC No. 3374/11/Est-I** നന്തൻകോട്, **20/03/2019**

---

പരാമർശം :- 1) 17-05-2018 ലെ മേൽ നമ്പർ ബോർഡുത്തരവ്.

2) ദേവസ്വം കമ്മീഷണറുടെ 19-03-2019 ലെ ROC 5569/19/ഗ്രാറ്റു നമ്പർ റിപ്പോർട്ട്.

## ഉത്തരവ്

തിരുവിതാംകൂർ ദേവസ്വം ബോർഡ് ക്ഷേത്രജീവനക്കാരെ ക്ലാസ് - IV വിഭാഗമാക്കിയതിനെ തുടർന്ന് ടി ജീവനക്കാർക്ക് പ്രതിവർഷം അനുവദനീയമായ 20 കാഷ്വൽ അവധികളിൽ 12 ദിവസത്തേക്കുള്ള പകരം വ്യവസ്ഥ വേതനവും, സ്ത്രീ ജീവനക്കാർക്ക് അനുവദനീയമായ 60 ദിവസത്തെ സ്പെഷ്യൽ കാഷ്വൽ അവധികളിൽ 30 ദിവസത്തേക്കുള്ള പകരം വ്യവസ്ഥ വേതനവും ഡിപ്പാർട്ട്മെന്റിൽ നിന്നും ചെലവെഴുതുന്നതിന് പരാമർശം 1 ൽ അനുവദിച്ചിരുന്നു.

പ്രസ്തുത ഉത്തരവിൽ അനുവദിച്ചിരുന്ന ആനുകൂല്യങ്ങൾക്ക് 01-07-2018 മുതൽ മാത്രമാണ് പ്രാബല്യം നൽകിയിരുന്നത്.

2018 വർഷത്തിന്റെ പകുതി കാലഘട്ടം കഴിഞ്ഞതിന് ശേഷമാണ് ടി ഉത്തരവിന് പ്രാബല്യതീയതി വരുന്നതെന്നതിനാൽ ടി ലീവുകൾക്ക് പകരം വ്യവസ്ഥ ചെലവെഴുതുന്നത് സംബന്ധിച്ച് അവ്യക്തത നിലനിൽക്കുന്നതായി വിവരിച്ചുള്ള തിരുവനന്തപുരം ഗ്രൂപ്പ് അസിസ്റ്റന്റ് ദേവസ്വം കമ്മീഷണറുടെ റിപ്പോർട്ട് ലഭിച്ചതായും ആകയാൽ ആയത് സംബന്ധിച്ച് വ്യക്തമായ ഉത്തരവുണ്ടാകണമെന്നും വിവരിച്ചുള്ള ദേവസ്വം കമ്മീഷണറുടെ പരാമർശം 2 റിപ്പോർട്ട് ലഭിച്ചു.

ടി വിഷയം ബോർഡ് പരിശോധിച്ച് ചർച്ച ചെയ്തു.

(മറുപുറം)

FOP

അവധികൾ കലണ്ടർ വർഷം അടിസ്ഥാനപ്പെടുത്തിയാണ് അനുവദിക്കാറുള്ളത്. ആയതിൽ കാഷ്വൽ അവധി പ്രതിവർഷം 20 ദിവസം ആവശ്യാനുസരണവും, സ്ത്രീ ജീവനക്കാർക്കുള്ള സ്പെഷ്യൽ കാഷ്വൽ അവധി പ്രതിവർഷം 60 ദിവസവുമാണ് (മാസത്തിൽ 5 ദിവസം എന്ന ക്രമത്തിൽ) അനുവാദമുള്ളത്.

ഈ സാഹചര്യത്തിൽ പരാമർശം 1 ഉത്തരവിലെ കാഷ്വൽ അവധികൾക്ക് പകരംവ്യവസ്ഥ ചെലവെഴുതുന്നത് സംബന്ധിച്ചുള്ള ആനുകൂല്യത്തിന് മാത്രം 01-01-2018 മുതൽ പ്രാബല്യം നൽകിയും, സ്ത്രീ ജീവനക്കാർക്കുള്ള സ്പെഷ്യൽ കാഷ്വൽ ലീവ് സംബന്ധിച്ച് 2018 കലണ്ടർ വർഷത്തിൽ 01-07-2018 ന് ശേഷം ഉപയോഗിച്ചിട്ടുള്ള അവധിയുടെ പകുതി ദിവസങ്ങൾക്ക് പകരം വ്യവസ്ഥ ചെലവെഴുതി നൽകേണ്ടതാണെന്ന് നിർദ്ദേശിച്ചും ബോർഡുത്തരവാകുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡിനുവേണ്ടി

(ഒപ്പ്)
സെക്രട്ടറി

പകർപ്പ് :-

1. ദേവസ്വം കമ്മീഷണർ
2. തിരുവാഭരണം കമ്മീഷണർ
3. ചീഫ് എഞ്ചിനീയർ (ജനറൽ)
4. ചീഫ് എഞ്ചിനീയർ
5. ജോയിന്റ് ഡയറക്ടർ, സംസ്ഥാന ആഡിറ്റ് വകുപ്പ്, തിരുവിതാംകൂർ ദേവസ്വം ബോർഡ്
6. ഫിനാൻസ് & അക്കൗണ്ട്സ് ആഫീസർ
7. ദേവസ്വം അക്കൗണ്ട്സ് ആഫീസർ
8. സൂപ്രണ്ട് ഓഫ് പോലീസ് (വിജിലൻസ് & സെക്യൂരിറ്റി)
9. ഡയറക്ടർ, സാംസ്കാരിക-പുരാവസ്തു വിഭാഗം
10. എക്സിക്യൂട്ടീവ് എഞ്ചിനീയർ, തിരുവനന്തപുരം
11. അസിസ്റ്റന്റ് ദേവസ്വം അക്കൗണ്ട്സ് ആഫീസർ, തിരുവനന്തപുരം
12. ലാ ആഫീസർ
13. ലെയ്സൺ ആഫീസർ, എറണാകുളം
14. ഇ.ഡി.പി. സെക്ഷൻ
15. എല്ലാ ആഫീസ് മേധാവികൾക്കും
16. സെക്ഷൻ ഫയൽ
17. ഫയൽ ബുക്ക്
18. ഫെയർ ഓഫീസ് കോപ്പി

അംഗീകാരത്തോടെ/പുറപ്പെടുവിക്കുന്നത്

Reginimol
അസിസ്റ്റന്റ് സെക്രട്ടറി

SK